## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3241 — 14.07.2015 ൽ മറുപടിയ്ക്ക്

# ബിൽകലക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ ബാങ്കുകളിൽ ബിൽ കലക്ടർമാരായി പ്രവർത്തിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) ജില്ലാ സഹകരണ ബാങ്കുകളിലും ചില പ്രാഥമിക സഹകരണ ബാങ്കുകളിലും ബിൽ കളക്ടർമാരുടെ സ്ഥിരം തസ്തിക നിലവിലുണ്ട്. എന്നാൽ വായ്പാ സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ നിക്ഷേപ/വായ്പാ പിരിവുകാരായി സേവനമനുഷ്ഠിച്ചവരിൽ ആറ് മാസത്തിൽ കുറയാത്ത സേവന ദൈർഘ്യമുള്ളവരെ അതേ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിനായി വ്യവസ്ഥ ചെയ്തുകൊണ്ട് സഹകരണ സംഘം രജിസ്ട്രാറുടെ 13.04.2005 ലെ 10/2005 നമ്പർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) അവരുടെ സേവന വേതന വ്യവസ്ഥയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ആലോചിക്കുന്നുണ്ടോ ; | (ബി) ജില്ലാ സഹകരണ ബാങ്കുകളിലെ ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ ഇതിനകം പരിഷ്കരിച്ചിട്ടുണ്ട്. പ്രാഥമിക ബാങ്കിലെ ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) ബിൽ കലക്ടർമാരുടെ സേവന വേതന വ്യവസ്ഥ, തൊഴിൽ സ്വഭാവം എന്നിവയെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ശ്രീ.ശൂരനാട് | (സി) സഹകരണ സ്ഥാപനങ്ങളിൽ സ്ഥിരം തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ബിൽ കളക്ടർമാരുടെ സേവനവേതന വ്യവസ്ഥകൾ, തൊഴിൽ സ്വഭാവം എന്നിവയെക്കുറിച്ച് |

രാജശേഖരൻ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ ഉള്ളടക്കം പ്രസിദ്ധീകരിക്കുമോ; അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ എന്ന് സമർപ്പിക്കുമെന്ന് പറയാൻ കഴിയുമോ; ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ?

പഠിക്കാൻ പ്രത്യേക കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ സഹകരണ സ്ഥാപനങ്ങളിൽ 'കമ്മീഷൻ വ്യവസ്ഥയിൽ' സേവനമനുഷ്ഠിക്കുന്ന നിക്ഷേപ/ വായ്പ പിരിവുകാരുടെയും അപ്രൈസർമാരുടെയും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഡ്വ.പി.എം. സുരേഷ്ബാബു ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ